# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1120 30/09/16-ൽ മറുപടിക്ക്

## ഹജ്ജ് എംബാർക്കേഷൻ പോയന്റ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ.കെ.ടി.ജലീൽ<br>(ബഹു.തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| എ) | ഹജ്ജ് എംബാർക്കേഷൻ പോയന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതിനാൽ കോഴിക്കോട് ഹജ്ജ് ഹൗസ് പ്രയോജനരഹിതമായി കിടക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | 2015, 2016 വർഷങ്ങളിൽ ഹജ്ജ് ക്യാമ്പ് താൽക്കാലികമായി നെടുമ്പാശ്ശേരി യിലേക്ക് മാറ്റിയ തിനാൽ കോഴിക്കോട് ഹജ്ജ് ഹൗസ് ക്യാമ്പ് പ്രവർത്തനത്തിന് ഉപയോഗിച്ചിട്ടില്ല. ഹജ്ജ് തീർത്ഥാടകർക്കുള്ള പരിശീലനം, ട്രെയിനർമാരുടെ മീറ്റിംഗുകൾ തുടങ്ങിയ ഹജ്ജ് സംബന്ധമായ വിഷയങ്ങൾക്ക് കോഴിക്കോട് ഹജ്ജ് ഹൗസ് തന്നെയാണ് ഉപയോഗിക്കുന്നത്. |
| ബി) | കോഴിക്കോട് ഹജ്ജ് ഹൗസുമായി ബന്ധപ്പെട്ട് സ്ത്രീകൾക്ക് വേണ്ടി പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | ബി) | ഹജ്ജ് ഹൗസിന് ഒരു അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ നൽകിയിരിക്കുകയാണ്. |
| സി) | ഹജ്ജ് എംബാർക്കേഷൻ പോയന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയതിനാൽ കോഴിക്കോട് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് അഭിലഷണീയമാണോയെന്ന് വ്യക്തമാക്കുമോ; | സി) | ഹജ്ജ് എംബാർക്കേഷൻ പോയിന്റ് നെടുമ്പാശ്ശേരിയിലേക്ക് മാറ്റിയത് താൽക്കാലികമായിട്ടാണ്. കോഴിക്കോട് വിമാനത്താവളം വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് സജ്ജമായാൽ ഹജ്ജ് ക്യാമ്പ് കോഴിക്കോട് തന്നെ തുടരുന്നതാണ്. |
| ഡി) | ഹജ്ജ് എംബാർക്കേഷൻ പോയന്റ് തിരികെ കോഴിക്കോടേക്ക് മാറ്റുന്നതിനു സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | ഡി) | കോഴിക്കോട് എയർപോർട്ട് വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് സജ്ജമായാൽ എംബാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് തന്നെ മാറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ